(ബി) ഇതിനകം ഈ പദ്ധതിക്കുവേണ്ടി എന്ത് തുക ചെലവായി;

(സി) പദ്ധതി പൂർത്തിയാക്കാൻ ഇനി എന്ത് തുക വേണം;

(ഡി) ഈ പദ്ധതി എന്ന് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്;

(ഇ) ഈ പദ്ധതിമൂലം എന്തെല്ലാം പ്രയോജനങ്ങളാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) വിഴിഞ്ഞത്ത് ബ്രേക്ക് വാട്ടറുകൾ നിർമ്മിച്ചതിനുശേഷം ബ്രേക്ക് വാട്ടറുകൾക്കകത്തുള്ള കടലിന്റെ ആഴം കുറഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) 1962 സെപ്റ്റംബർ 12.

(ബി) 458 ലക്ഷം രൂപ.

(സി) 454 ലക്ഷം രൂപ.

(ഡി) രണ്ടാം ഘട്ടത്തിന്റെയും മൂന്നാം ഘട്ടത്തിന്റെയും ചേർത്തുള്ള രൂപരേഖയുടെ കേന്ദ്രാനുമതി ലഭിച്ചതിനുശേഷം മൂന്നുവർഷത്തിനുള്ളിൽ പണി പൂർത്തിയാക്കാവുന്നതാണ്.

(ഇ) ഈ പദ്ധതിയിലുൾപ്പെടുത്തി നൂറ് യന്ത്രവൽകൃത മൽസ്യ ബന്ധന കപ്പലുകൾ (13.3 മീറ്റർ നീളമുള്ള 60-ം20-ം30-ം40 മീറ്റർ നീളമുള്ള 20-ം) ആഴക്കടൽ മൽസ്യബന്ധനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. തൻമൂലം ഉദ്ദേശം 47,000 ടൺ മൽസ്യം അധായത് 4869 ലക്ഷം രൂപയുടെ അധിക മൽസ്യബന്ധനം നടത്തുവാൻ സാധിക്കുന്നതാണ്. ഇത് കൂടാതെ ഉദ്ദേശം 6000 പേർക്ക് നേരിട്ടോ അല്ലാതെയോ തൊഴിൽ ലഭിക്കുന്നതാണ്. കൂടാതെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഭയശങ്കയില്ലാതെ മൽസ്യബന്ധനം നടത്തുന്നതിനും മൽസ്യം കരയ്ക്കടുപ്പിക്കുന്നതിനും ലേലം ചെയ്യുന്നതിനും മറ്റുമുള്ള സൗകര്യങ്ങളും ഉണ്ടാവുന്നതാണ്. മൊത്തത്തിൽ ഈ പദ്ധതി നിലവിൽ വന്നാൽ വിഴിഞ്ഞം പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലവാരത്തിൽ കാര്യമായ പുരോഗതിയുണ്ടാകുന്നതാണ്.

(എഫ്) കുറഞ്ഞിട്ടില്ല.

കുഡുംബി സമുദായം

41 [46] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഡുംബി സമുദായത്തെ പട്ടികജാതിയിൽപ്പെടുത്തുവാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നതായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly